# SSLC MODEL EXAMINATION, MARCH - 2022

## SOCIAL SCIENCE

(Malayalam)

Time : 2½ Hours | Total Score : 80

**വിദ്യാർത്ഥികൾക്കുള്ള പൊതു നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് സമാശ്വാസ സമയം ഉണ്ടായിരിക്കും. ഈ സമയം ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- വ്യത്യസ്ത സ്കോറുകളുള്ള ചോദ്യങ്ങൾ വിവിധ പാർട്ടുകളിലായാണ് നൽകിയിരിക്കുന്നത്.
- ചോദ്യങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം
- 1 മുതൽ 35 വരെയുള്ള ചോദ്യങ്ങൾക്ക് 80 സ്കോർ ആയിരിക്കും പരമാവധി ലഭിക്കുക

Score

**പാർട്ട് - I**

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വീതം.**

(A) **1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.** 4x1=4

1. കേരളത്തിലെ സ്വാതന്ത്ര്യ സമര സേനാനി :
   (a) അക്കമ്മ ചെറിയാൻ (b) പണ്ഡിത രമാബായി
   (c) ആനിബസന്റ് (d) സരോജിനി നായിഡു

2. വിമാനത്തിൽ ഉറപ്പിച്ചിട്ടുള്ള ക്യാമറകളുടെ സഹായത്തോടെ ആകാശത്തുനിന്ന് ഭൂപ്രതലത്തിന്റെ ചിത്രങ്ങൾ പകർത്തുന്ന രീതി :
   (a) ഭൂതലഛായാഗ്രഹണം (b) ആകാശീയ വിദൂരസംവേദനം
   (c) ഉപഗ്രഹ വിദൂരസംവേദനം (d) പരോക്ഷ വിദൂരസംവേദനം

3. സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനിലെ അംഗങ്ങളെ നിയമിക്കുന്നതാര് ?
   (a) ഗവർണർ (b) രാഷ്ട്രപതി
   (c) ഉപരാഷ്ട്രപതി (d) പ്രധാനമന്ത്രി

4. കേരള കലാമണ്ഡലം സ്ഥാപിച്ചത്:
   (a) ഡോ. സക്കീർ ഹുസൈൻ
   (b) ഷൗക്കത്തലി
   (c) വള്ളത്തോൾ നാരായണ മേനോൻ
   (d) ജി.ജി. അഗാർക്കർ

Score

5. ഉത്തരാർധ ഗോളത്തിലെ ശൈത്യ അയനാന്തദിനം :

(a) മാർച്ച് 21 (b) ജൂൺ 21

(c) സെപ്തംബർ 23 (d) ഡിസംബർ 22

6. 'തവിട്ടുകുപ്പായക്കാർ' ബന്ധപ്പെട്ടിരിക്കുന്നത് :

(a) അഡോൾഫ് ഹിറ്റ്ലർ (b) ലെനിൻ

(c) ബെനിറ്റോ മുസ്സോളിനി (d) മാർഷൽ ടിറ്റോ

B) 7 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 4x1=4

7. 'കുടുംബശ്രീ' ചുവടെ നൽകിയിരിക്കുന്നവയിൽ ഏതിന് ഉദാഹരണമാണ് ?

(a) ഇൻഷൂറൻസ് കമ്പനികൾ

(b) മൈക്രോ ഫിനാൻസ്

(c) മ്യൂച്വൽ ഫണ്ട് സ്ഥാപനങ്ങൾ

(d) ബാങ്കിതര ധനകാര്യ കമ്പനികൾ

8. കുണ്ടറ വിളംബരം പുറപ്പെടുവിച്ചതാര് ?

(a) പഴശ്ശിരാജ (b) മാർത്താണ്ഡവർമ

(c) കുഞ്ഞാലി മരക്കാർ (d) വേലുത്തമ്പി

9. ചുവടെ നൽകിയിരിക്കുന്നവയിൽ നാണ്യവിള ഏത് ?

(a) നെല്ല് (b) ഗോതമ്പ്

(c) പരുത്തി (d) ചോളം

10. 'ക്രമസമാധാന പാലനം' ചുവടെ നൽകിയിരിക്കുന്ന സ്ഥാപനങ്ങളിൽ ഏതിന്റെ ചുമതലയാണ് ?

(a) കൃഷിഭവൻ (b) പ്രാഥമിക ആരോഗ്യ കേന്ദ്രം

(c) വില്ലേജ് ഓഫീസ് (d) പോലീസ് സ്റ്റേഷൻ

Score

## പാർട്ട് - II

**11 മുതൽ 18 വരെയുള്ള ചോദ്യങ്ങൾക്ക് 2 സ്കോർ വീതം.**

(A) **11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.** 3x2=6

11. രണ്ട് തരം നികുതികൾ ഏതെല്ലാം ?

12. ജല ഗതാഗതത്തിന്റെ മേന്മകൾ എന്തെല്ലാം ?

13. പൗരബോധം വളർത്തുന്നതിൽ കുടുംബത്തിനുള്ള പങ്ക് വ്യക്തമാക്കുക.

14. 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമം അനുശാസിക്കുന്ന, ഉപഭോക്താവിന്റെ അവകാശങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

15. ധരാതലീയ ഭൂപടങ്ങളുടെ രണ്ട് ഉപയോഗങ്ങൾ എഴുതുക.

(B) **16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക.** 2x2=4

16. ഇ. ഗവേണൻസിന്റെ രണ്ട് നേട്ടങ്ങൾ എഴുതുക.

17. ബജറ്റുകൾ മൂന്നായി തരംതിരിച്ചിരിക്കുന്നു. അവയിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

18. വിദൂര സംവേദന സാങ്കേതിക വിദ്യയുടെ രണ്ട് പ്രയോജനങ്ങൾ എഴുതുക.

## പാർട്ട് - III

**19 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം.**

(A) **19 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക.** 3x4=12

19. ആരോഗ്യമുള്ള വ്യക്തികൾ രാജ്യപുരോഗതിയിൽ പങ്കാളികളാവുന്നത് എങ്ങനെയെന്ന് വിശദമാക്കുക.

20 ഇന്ത്യയുടെ വിദേശനയത്തിന്റെ ഏതെങ്കിലും നാല് പ്രധാന തത്ത്വങ്ങൾ വ്യക്തമാക്കുക.

21. സമൂഹശാസ്ത്രത്തിൽ സാധാരണ ഉപയോഗിച്ചു വരുന്ന പഠനരീതികൾ ഏതെല്ലാം ?

Score

22. മാനവ വിഭവത്തെ മെച്ചപ്പെടുത്തുന്ന ഗുണപരമായ ഘടകങ്ങൾ വിശദമാക്കുക.

23. ചുവടെ തന്നിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക.

(A) പശ്ചിമഘട്ടം (B) മാൾവാ പീഠഭൂമി

(C) ചെന്നൈ തുറമുഖം (D) നർമ്മദ നദി

(B) 24 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 1x4=4

24. 'A' കോളത്തിന് അനുയോജ്യമായവ 'B' കോളത്തിൽ നിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക.

| 'A' | 'B' |
|---|---|
| ആത്മാറാം പാണ്ഡുരംഗ് | ആര്യസമാജം |
| ശ്രീനാരായണ ഗുരു | ബ്രഹ്മസമാജം |
| രാജാറാം മോഹൻ റായ് | ശ്രീനാരായണ ധർമ്മപരിപാലന യോഗം |
| സ്വാമി ദയാനന്ദ സരസ്വതി | പ്രാർത്ഥനാ സമാജം |

25. ഇന്ത്യയിലെ നാല് പ്രധാന ഋതുക്കളുടെ പേരെഴുതുക.

## പാർട്ട് - IV

26 മുതൽ 32 വരെയുള്ള ചോദ്യങ്ങൾക്ക് 6 സ്കോർ വീതം.

(A) 26 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക. 3x6=18

26. പൗരത്വം എന്നാൽ എന്ത് ? സ്വാഭാവിക പൗരത്വവും ആർജിത പൗരത്വവും തമ്മിലുള്ള വ്യത്യാസമെന്ത് ?

27. ചുവടെ നൽകിയിരിക്കുന്നവയ്ക്ക് ഉത്തരമെഴുതുക.

(i) ബാങ്കുകൾ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ജനങ്ങൾക്ക് വായ്പ നൽകുന്നത് ?

(ii) വായ്പ നൽകാനായി ബാങ്കുകൾ സ്വീകരിക്കുന്ന ഈടുകൾ ഏതെല്ലാം ?

28. ശാശ്വത ഭൂനികുതി വ്യവസ്ഥ, റയട്ട്വാരി വ്യവസ്ഥ എന്നിവയുടെ സവിശേഷതകൾ വിശദമാക്കുക.

29. പടിഞ്ഞാറൻ തീരസമതലത്തിന്റെയും കിഴക്കൻ തീരസമതലത്തിന്റെയും സവിശേഷതകൾ താരതമ്യം ചെയ്യുക.

Score

(B) **30 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**

2x6=12

30. ചുവടെ നൽകിയിരിക്കുന്നവ വിവരിക്കുക.
    (i) ഒന്നാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ
    (ii) വേഴ്സായി സന്ധി

31. ഇന്ത്യയിലെ മണ്ണിനങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

32. പൊതുസമൂഹം നേരിടുന്ന പ്രശ്നങ്ങൾ, അവയ്ക്കുള്ള പരിഹാരമാർഗങ്ങൾ എന്നിവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

## പാർട്ട് - V

**33 മുതൽ 35 വരെയുള്ള ചോദ്യങ്ങൾക്ക് 8 സ്കോർ വീതം.**


(A) **33 മുതൽ 35 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**

2x8=16

33. സിവിൽ നിയമലംഘന പ്രസ്ഥാനത്തെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.
    **സൂചനകൾ :**
    (i) ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ലാഹോർ സമ്മേളനം
    (ii) ഗാന്ധിജി മുന്നോട്ട് വച്ച ആവശ്യങ്ങൾ
    (iii) ഉപ്പ് ശക്തമായ സമരായുധം
    (iv) സിവിൽ നിയമലംഘന പ്രസ്ഥാനത്തിന്റെ കേന്ദ്രങ്ങൾ

34. ആഗോളവാതങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

35. റഷ്യൻ വിപ്ലവത്തിലേക്ക് നയിച്ച കാരണങ്ങളും ഫലങ്ങളും വിശകലനം ചെയ്യുക.
    **സൂചനകൾ :**
    (i) എഴുത്തുകാർ
    (ii) ഫെബ്രുവരി വിപ്ലവം
    (iii) ഒക്ടോബർ വിപ്ലവം
    (iv) വിപ്ലവത്തിന്റെ ഫലങ്ങൾ


India